## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1430 — 02.07.2015-ലെ മറുപടിക്ക്

## സംസ്ഥാനത്തെ പാലുല്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഒരു ലിറ്റർ പാലിന് വില എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും എത്ര തുകയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേല്ക്കുമ്പോൾ ഒരു ലിറ്റർ മിൽമ ടോൺഡ് പാലിന്റെ വില്പന വില 23 രൂപ ആയിരുന്നു. ഇപ്പോൾ ലിറ്ററിന് 36 രൂപയാണ്. അതായത് പാലിന്റെ വില്പന വിലയിൽ 13 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാലുല്പാദനം എത്ര ലിറ്റർ ആയിരുന്നു ; നിലവിൽ എത്ര ; ഓരോ വർഷവും സംസ്ഥാന സഹകരണ മേഖലാ ഡയറികൾ പ്രവർത്തനങ്ങൾക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ വാങ്ങുന്നു. ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ വീതം എന്നും വ്യക്തമാക്കുമോ ; | (ബി) | 2011-2012 ൽ 27.16 ലക്ഷം മെട്രിക് ടൺ ആയിരുന്നു സംസ്ഥാനത്തെ പാൽ ഉല്പാദനം. ഇത് 2014-2015 ൽ 29.78 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. മിൽമ അന്യ-സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയ പാലിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് പാലുല്പാദനത്തിനും വിതരണത്തിനുമായി ഏതെല്ലാം സർക്കാർ ഏജൻസികൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റു സംസ്ഥാന ഏജൻസികൾ ഉണ്ടെന്നും ഇവർ ഓരോരുത്തർക്കും എത്ര അളവ് വീതം വിതരണം ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് പാൽ വിതരണത്തിനായി അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും ഫെഡറേഷനുകീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകളുമാണ്. ശരാശരി 12.5 ലക്ഷം ലിറ്റർ പാൽ ഫെഡറേഷൻ/മൂന്ന് മേഖലാ യൂണിയനുകൾ മുഖേന വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ രജിസ്റ്റേർഡ് ക്ഷീര സംഘങ്ങൾ 2014-2015 ൽ 3489.784 ലക്ഷം ലിറ്റർ പാൽ മിൽമക്ക് കൈമാറുകയും 1973.263 ലക്ഷം ലിറ്റർ പാൽ പ്രാദേശിക വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.<br>ക്ഷീര വികസന വകുപ്പിന് പുറമേ കെ.എൽ.ഡി.ബോർഡ്, മൃഗ സംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ് ലിമിറ്റഡ് |

എന്നിവ കൈകാര്യം ചെയ്യുന്ന പദ്ധതികളിൽ പാലുല്പാദനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുന്നുണ്ട്.

(ഡി) പാൽ സർക്കാർ തലത്തിൽ വിതരണം ചെയ്യുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; **വിശദാംശം ലഭ്യമാക്കുമോ?**

(ഡി) പാലുല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് മുഖേന മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽക്കൃഷി വികസന പദ്ധതി എന്നിവ മുഖേന ക്ഷീരകർഷകർക്ക് ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഡെയറി ഫാം ആധുനികവൽക്കരണത്തിനും കറവയന്ത്രം വാങ്ങുന്നതിനും, തീറ്റപ്പുൽക്കൃഷി നടപ്പിലാക്കുന്നതിനും സഹായം നല്കുന്നു. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി പ്രകാരം കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായ നിരക്കിൽ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കുന്നു. ഗ്രാമീണ-തലത്തിൽ പാൽ സംഭരണവും, വിപണനവും ശക്തമാക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു-ന്നതിനുള്ള പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ പാലുല്പാദനത്തിന് അനുകൂല സാഹചര്യങ്ങളുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ഷീരഗ്രാമം, സമഗ്ര ക്ഷീരവികസന പദ്ധതി എന്നിവയും ക്ഷീരവികസന വകുപ്പ് 2014-2015 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് 2014-2015 വർഷത്തിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി ഇനത്തിൽ ഏകദേശം 10 കോടി രൂപയോളം നല്കിയിട്ടുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ യൂണിയൻ ക്ഷീരകർഷകർക്കായി മിനി ഡയറി സ്കീമും പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി എറണാകുളം മേഖലാ യൂണിയൻ കന്നുക്കുട്ടി പരിപാലന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. മലബാർ മേഖലാ യൂണിയൻ, ഉല്പാദനച്ചെലവ് കുറച്ച് കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നതിനും, പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പി-ക്കുന്നതിനും, പാലുല്പാദനം വർദ്ധിപ്പിക്കുന്നതി-നാവശ്യമായ ഉപാധികൾ കർഷകരിലേയ്ക്ക്

എത്തിച്ചുനല്കുന്നതിലൂടെ കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ വിതരണം, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമബീജധാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം എന്നിവ നല്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | കർണ്ണാടക (ലിറ്റർ) | തമിഴ്നാട് (ലിറ്റർ) | ആന്ധ്രാപ്രദേശ് (ലിറ്റർ) | മഹാരാഷ്ട്ര (ലിറ്റർ) | ആകെ (ലിറ്റർ) |
|---|---|---|---|---|---|
| 2010-11 | 59951139 | 42279178 | 5344675 | 14871370 | 122446362 |
| 2011-12 | 102997426 | 42862276 | 12663443 | 5427401 | 163950546 |
| 2012-13 | 75322571 | 35871592 | 10931532 | 255875 | 122381570 |
| 2013-14 | 44233049 | 46357618 | 6924402 | 4137843 | 101652912 |
| 2014-15 | 72481182 | 34155855 | 384340 | 1675413 | 108696790 |

സെക്ഷൻ ഓഫീസർ